**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5556** **24-03-2025 - ൽ മറുപടിയ്ക്ക്**

**ആർദ്രം ജീവിതശൈലി രോഗനിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആർദ്രം ജീവിതശൈലി രോഗനിർണ്ണയ സ്ക്രീനിംഗിന്റെ രണ്ടാം ഘട്ടത്തിൽ എത്ര ലക്ഷം പേർ പങ്കാളികളായി എന്ന് വ്യകതമാക്കാമോ? | (എ) | ആർദ്രം മിഷന്റെ ഭാഗമായി മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തികളുടെ ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗ നിർണ്ണയ പദ്ധതി ആദ്യഘട്ടം പൂർത്തിയാക്കി. വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാംഘട്ടം സംസ്ഥാനത്ത് ജൂൺ 2024 മുതൽ ആരംഭിക്കുകയുണ്ടായി. ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലി' എന്ന ആപ്ലിക്കേഷനിലൂടെ സംസ്ഥാനത്തെ 30 വയസ്സിനുമുകളിൽ പ്രായമുള്ള 1,81,11,775 പേരെയാണ് ഈ പദ്ധതിയിലൂടെ സർവ്വേ ചെയ്യാൻ ഉദ്ദേശിക്കുന്നത്. അതിൽ 1,16,37,401 പേരുടെ സർവ്വേ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. അതിൽ 51,32,034 പേർക്ക് ജീവിതശൈലി രോഗങ്ങളുണ്ടാകുന്നതിനുള്ള റിസ്ക്ഫാക്ടർ അഥവാ ഹേതുക്കൾ ഉള്ളതായും 2,28,122 പേർക്ക് ക്യാൻസർ രോഗ സാധ്യതയും, 2,62,482 പേർക്ക് ടി.ബി. രോഗ സാധ്യതയും, 4,24,894പേർക്ക് ശ്വാസകോശ രോഗ സാധ്യതയും കണ്ടെത്തിയിട്ടുണ്ട്. 15,31,307 പേർക്ക് രക്താതിമർദ്ദം ഉള്ളതായും, 10,20,627 പേർക്ക് പ്രമേഹ രോഗമുള്ളതായും, 6,93,318 പേർക്ക് പ്രമേഹവും രക്താതിമർദ്ദമുള്ളതായും കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ